**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1692** **19-09-2025 - ൽ മറുപടിയ്ക്ക്**

**വലിയ തമ്പുരാൻ കോവിലകം ഏറ്റെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ വലിയ തമ്പുരാൻ കോവിലകം സർക്കാർ ഏറ്റെടുക്കുന്നതിനായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ? | (എ) | എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ കിഴക്കുഭാഗം വില്ലേജിലെ ശക്തൻ തമ്പുരാന്റെ ജന്മഗൃഹമായ വലിയ തമ്പുരാൻ കോവിലകം 04.03.2020 ലെ സ.ഉ.(സാധാ)നം.101/2020-സാം.കാ.വ പ്രകാരം വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കിയ ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട ഡോ. രാഘവൻ, ശ്രീമതി. പൊന്നമ്മ രാഘവൻ എന്നിവർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) No. 19497/2021 കേസിലെ 03.01.2024 ലെ വിധി പ്രകാരം പരാതിക്കാരെ സർക്കാർ നേരിൽ കേട്ട് ആവശ്യം നിരസിച്ച് കോടതി വിധി നടപ്പിലാക്കി 12.12.2024 ലെ സ.ഉ(സാധാ)നം.707/202-സാം.കാ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>തുടർന്ന് ഈ ഉത്തരവ് നിർത്തലാക്കണമെന്ന് അഭ്യർത്ഥിച്ച് ഡോ.രാഘവൻ ശ്രീമതി പൊന്നമ്മ രാഘവൻ എന്നിവർ ബഹു കേരള ഹൈക്കോടതി മുമ്പാകെ WP(C)8121/2025 നമ്പർ കേസ് ഫയൽ ചെയ്യുകയും 28.02.2025 തീയതിയിലെ ഇടക്കാല ഉത്തരവിൽ നിലവിലെ സ്ഥിതി തുടരാൻ ബഹു. ഹൈക്കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ബഹു. കോടതിയുടെ ഇടക്കാല ഉത്തരവിന്റെ പശ്ചാത്തലത്തിൽ contempt നടപടികൾ ഉൾപ്പെടെ ഒഴിവാക്കുന്നതിനായി status quo മാറുന്നമുറയ്ക്കോ അന്തിമ വിധിയുടെ അടിസ്ഥാനത്തിലോ തുടർ നടപടി സ്വീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ